LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികളുടെ ജീവിത സാഹചര്യം

238(2442) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹത്തിന്റെ നിലവിലെ ജീവിത സാഹചര്യം സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പോഷകാഹാരക്കുറവുമൂലമുള്ള ശാരീരിക. അവശതകൾ, ശിശുമരണങ്ങൾ, ശാരീരിക ചൂഷണങ്ങൾ തുടങ്ങി ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ആദിവാസികൾക്ക് സംരക്ഷണം നൽകുമെന്ന വാഗ്ദാനം പാലിക്കുന്നതിന് സാധിച്ചില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാർ ആദിവാസി ജനവിഭാഗങ്ങളുടെ നിലവിലെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സമഗ്ര വികസനം ലക്ഷ്യമാക്കിയും വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയും പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളെല്ലാം തന്നെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ ജില്ലാ തലത്തിലും വകുപ്പ് തലത്തിലും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും അവലോകനം നടത്തി വരുന്നു.

(ബി) ഉണ്ട്. ആദിവാസി മേഖലയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവ്, ശിശുമരണങ്ങൾ, ശാരീരിക ചൂഷണങ്ങൾ തുടങ്ങി ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് ഗുണകരമായ ഫലങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, വനം, പോലീസ്, സിവിൽസപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾവഴിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ

വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രത്യേക ദുർബല വിഭാഗങ്ങളുടെ പ്രത്യേക പാക്കേജ് അടിയ-പണിയ പാക്കേജ്, ഭക്ഷ്യ സഹായ പദ്ധതി എന്നീ പദ്ധതികൾ പ്രകാരം പോഷകാഹാര വിതരണം ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. കൃഷി, കാലിവളർത്തൽ, ആട്ട വളർത്തൽ തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങൾക്കും വകുപ്പ് ധനസഹായവും പ്രോൽസാഹനവും നൽകി വരുന്നു. അടിസ്ഥാന വികസനം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ, ചികിത്സയ്ക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി ജനനി ജന്മ രക്ഷാ പദ്ധതി, അരിവാൾ രോഗികൾക്ക് സമാശ്വാസ ധനസഹായ പദ്ധതി എന്നിവ നടപ്പിലാക്കിയതുവഴി ആദിവാസി സമൂഹത്തിന്റെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യവും തൊഴിൽപരവും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ സംരക്ഷണം നൽകുന്നതിന് സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ആദിവാസികളുടെ സാമൂഹ്യനീതി മേഖലയിലെ പുരോഗതി

239(2444) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികളുടെ സാമൂഹ്യനീതി മേഖലയിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ ഓരോ ബഡ്ജറ്റിലും ആദിവാസികൾക്ക് സാമൂഹ്യനീതി പുരോഗതിയ്ക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വിശദാംശം സഹിതം വ്യക്തമാക്കുമോ ;

(സി) ഇത്രയും തുക ഓരോ വർഷവും പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

(എ) സമയാസമയങ്ങളിൽ വിലയിരുത്താറുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഓരോ വർഷവും പരമാവധി തുക ചെലവഴിച്ച് പദ്ധതികളോരൊന്നും വിജയകരമായി നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly